മലപ്പുറം ജില്ലയിലെ സ്കൂളുകളിലേക്കുള്ള പാഠപുസ്തക വിതരണം

112 [5092] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ പി. കെ. അബ്ദുറബ്ബ്:
„ സി. മോയിൻകുട്ടി:
„ പി.കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ സ്കൂളുകളിലേക്കുള്ള ഈ വർഷത്തെ പാഠപുസ്തക വിതരണം പൂർത്തിയായി കഴിഞ്ഞോ;

(ബി) ഇല്ലെങ്കിൽ എന്തെല്ലാം പാഠപുസ്തകങ്ങളാണ് ഇനിയും വിതരണം പൂർത്തിയാക്കാനുള്ളത്;

(സി) ഇതിനുള്ള കാലതാമസത്തിന് ഉണ്ടായ കാരണം വ്യക്തമാക്കാമോ;

(ഡി) എന്നത്തേക്ക് വിതരണം പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുസ്തകവിതരണം മുഴുവൻ പൂർത്തിയായിട്ടില്ല. ഏതാണ്ട് 96% പൂർത്തിയായിട്ടുണ്ട്.

(ബി) 8-ാം ക്ലാസ്സിലേയും 9-ാം ക്ലാസ്സിലേയും ഇൻഫർമേഷൻ ടെക്നോളജി പുസ്തകങ്ങൾ, ഇതേ ക്ലാസ്സുകളിലേയും ഏഴാം ക്ലാസ്സുകളിലേയും ഇംഗ്ലീഷ് പ്രാക്ടീസ് ബുക്ക് എന്നീ പുസ്തകങ്ങളുടെ വിതരണമാണ് ഇനിയും പൂർത്തിയാക്കാനുള്ളത്.

(സി) അച്ചടി കടലാസ്സിന്റെ ലഭ്യതയിലുണ്ടായ കുറവും, രണ്ട് പ്രാവശ്യമായി നടന്നിട്ടുള്ള ലോറി സമരവും പാഠപുസ്തക വിതരണത്തിന് കാലതാമസമുണ്ടാക്കി.

(ഡി) ഓഗസ്റ്റ് മാസത്തിനുള്ളിൽ തന്നെ വിതരണം പൂർത്തിയാക്കുവാൻ കഴിയുമെന്ന് കരുതുന്നു.

തലശ്ശേരി ഒളവിലം എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുവാൻ നടപടി

113 [5093] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൽ.പി./യു.പി. വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിന്റെ ഭാഗമായി തലശ്ശേരി വിദ്യാഭ്യാസ ജില്ലയിലെ ചൊക്ലി ഉപജില്ലയിൽപ്പെട്ട ഒളവിലം എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് അപേക്ഷ ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ;

(ബി) ഈ എൽ.പി. വിദ്യാലയം യു.പി. വിദ്യാലയമാക്കി അപ്ഗ്രേഡ് ചെയ്യുവാനുള്ള നടപടി എന്തായി എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly